LIBRARY ARCHIVES Kerala Legislative Assembly

## മൃഗസംരക്ഷണ മേഖലയിലെ പുതിയ സംരംഭങ്ങൾ

*15 [613] ശ്രീ. കെ. പി. മോഹനൻ :
,, എം. കെ. പ്രേംനാഥ് :
,, എം. വി. ശ്രേയാംസ് കുമാർ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ളൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മൃഗ സംരക്ഷണ മേഖലയിൽ സംരംഭകർക്ക് മൂലധന സഹായം ലഭ്യമാക്കുന്നതിന് നിലവിലുള്ള പദ്ധതികളുടെ വിശദാംശം വ്യക്തമാക്കുമോ;

(ബി) മൃഗസംരക്ഷണമേഖലയിൽ സംസ്ഥാനത്ത് പുതിയ സംരംഭങ്ങൾ ആരംഭിക്കുന്ന കാര്യത്തിലെ പുരോഗതി വ്യക്തമാക്കുമോ?

ഭക്ഷ്യവും സിവിൽ സപ്ളൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ) :

(എ) മൃഗസംരക്ഷണ മേഖലയിൽ ക്ഷീര കർഷകർക്ക് വേണ്ടി മൂലധന സഹായം ലഭിക്കുന്ന പദ്ധതിയാണ് കേന്ദ്രാവിഷ്കൃത പദ്ധതിയായ വെഞ്ച്വർ കാപ്പിറ്റൽ ഫണ്ട്. ഇതുകൂടാതെ സംരംഭകരെ ആകർഷിക്കാനും മൃഗസംരക്ഷണ മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും വകുപ്പ് തലത്തിൽ ജില്ലാതല സംരംഭകരുടെ സംഗമം നടത്തിവരുന്നു. ഇതുകൂടാതെ ക്ഷീരകർഷകർ എടുക്കുന്ന വായ്പകളുടെ പലിശയ്ക്കു സബ്സിഡി അനുവദിക്കാൻ ഈ സാമ്പത്തിക വർഷം സംഭരണ മൂലനിധി എന്ന പേരിൽ ഒരു പുതിയ പദ്ധതി നടത്തുവാൻ ലക്ഷ്യമിട്ടിട്ടുണ്ട്.

(ബി) ഈ സാമ്പത്തിക വർഷം 14 ജില്ലാതല ഇൻവെസ്റ്റേഴ്സ് മീറ്റ് നടത്തുവാൻ ലക്ഷ്യമിട്ടിട്ടുണ്ട്. ഇതിനായി ഒരു ജില്ലാ സംഗമത്തിന് 25,000 രൂപ വച്ച് 14 ജില്ലകൾക്കുമായി 3.5 ലക്ഷം രൂപ വികസനവും പരിശീലനവും എന്ന പദ്ധതിയിൻ കീഴിൽ തുക നീക്കിവച്ചിട്ടുണ്ട്. പുതുതായി ഈ സാമ്പത്തിക വർഷം ക്ഷീരകർഷകർക്ക് എടുക്കുന്ന വായ്പകളിന്മേൽ പലിശയിൽ സാമ്പത്തിക സഹായം ലഭിക്കുന്നതിന് വേണ്ടി സർക്കാർ സംഭരണമൂലനിധിക്കായി 25 ലക്ഷം രൂപ ബഡ്ജറ്റിൽ നീക്കിവച്ചിട്ടുണ്ട്. കേന്ദ്രസർക്കാർ, നബാർഡ് മുഖേന നടപ്പിലാക്കുന്ന പദ്ധതിയാണ് ഡയറി വെഞ്ച്വർ ക്യാപിറ്റൽ ഫണ്ട് ഇതിനായി കേന്ദ്ര സർക്കാർ 38 കോടി രൂപ താല്കാലികമായി ഇന്ത്യ മൊത്തത്തിൽ ഭരണാനുമതി നല്കിയിട്ടുണ്ട്. ഈ പദ്ധതിയുടെ ആനുകൂല്യം നില്വിൽ നോൺ ഓപ്പറേഷൻ ഫ്ളഡ് ഏരിയായ്ക്കാണ് ലഭിച്ചുവരുന്നത്.